# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 939

20/03/2012 ൽ
മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂൾ കുട്ടികൾക്ക് യൂണിഫോം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്ന് എയ്ഡഡ് സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) രാജ്യത്തെ എല്ലാ കുട്ടികൾക്കും യൂണിഫോം, യാത്രാ സൗകര്യം എന്നിവ ഒരുക്കണമെന്ന നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും യൂണിഫോം, യാത്രാ സൗകര്യം എന്നിവ നൽകുന്നതിന് 27/02/2012-ൽ നടന്ന എസ്.എസ്.എ. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സർവ ശിക്ഷാ അഭിയാൻ ഇവ ഉൾപ്പെടുത്തി 2012-2013 വാർഷിക പദ്ധതി തയ്യാറാക്കി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. |
| (സി) സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾ, പട്ടിക വിഭാഗ വിദ്യാർത്ഥികൾ, ബി.പി.എൽ. ആൺകുട്ടികൾ എന്നിവർക്ക് മാത്രമായി രണ്ട് ജോഡി യൂണിഫോം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് പകരം ഈ ആനുകൂല്യങ്ങൾ എട്ടാം സ്റ്റാൻഡേർഡ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരത്തിന് വിധേയമായി നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ